## മത്തായിയുടെ സുവിശേഷത്തിന്റെ

## ജീവ-പഠനം

### ദൂത് പതിമൂന്ന്

## രാജ്യത്തിന്റെ ഭരണഘടനയുടെ വിളംബരം

(1)

ഈ ദൂതിൽ നാം അഞ്ചും, ആറും, ഏഴും അധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന രാജ്യത്തിന്റെ ഭരണഘടനയുടെ വിളംബരത്തിലേക്കു വരുന്നു. വർഷങ്ങളായി ഈ മൂന്ന് അധ്യായങ്ങൾ അനേകം ക്രിസ്ത്യാനികൾ ഒന്നുകിൽ തെറ്റിദ്ധരിക്കുകയോ അല്ലെങ്കിൽ തെറ്റായി ഉപയോഗിക്കുകയോ ചെയ്തിരിക്കുന്നു. ഈ അധ്യായങ്ങളെ സംബന്ധിച്ച ദൂതുകളിൽ വചനത്തിന്റെ ഈ ഭാഗത്തിന്റെ യഥാർത്ഥ അർഥം നാം എല്ലാവരും കാണുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു.

വിശ്വാസികൾക്ക് മനസ്സിലാക്കുവാൻ ഏറ്റവും പ്രയാസമുള്ള കാര്യങ്ങളിൽ ഒന്ന് സ്വർഗരാജ്യമാണ്. സ്വർഗരാജ്യം ഏതെങ്കിലും സ്വാഭാവികമോ മതപരമോ ആയ ധാരണയോട് യോജിക്കുന്നില്ല. നാം കാണാൻപോകുന്നതുപോലെ, ഇത് വളരെ നിശ്ചിതമായ ഒന്നിനെ പരാമർശിക്കുന്നു. സ്വർഗരാജ്യത്തെ മനസ്സിലാക്കുന്നതിന് ക്രിസ്തുമതത്തിലുള്ള നമ്മുടെ പശ്ചാത്തലത്തിൽനിന്നും നാം സ്വീകരിച്ച പരമ്പരാഗതമായ ധാരണകളിൽനിന്നും നാം എല്ലാവരും ശൂന്യമാക്കപ്പെടണം. സ്വർഗരാജ്യത്തെ സംബന്ധിച്ച് നമ്മുടെ പശ്ചാത്തലത്തിൽനിന്നും നാം സ്വീകരിച്ച ഉപദേശങ്ങളൊന്നുംതന്നെ നിർമലമായ വചനത്തിനനുസൃതമായിരുന്നില്ല. സ്വർഗരാജ്യത്തെ സംബന്ധിച്ച ഈ വിഷയം നാം അമ്പതു വർഷത്തിലധികമായി വീണ്ടും വീണ്ടും പഠിച്ചു. ഈ വിഷയത്തെ സംബന്ധിച്ച ആദ്യത്തെ പുസ്തകം ഞാൻ പ്രസിദ്ധീകരിച്ചത് 1936-ലായിരുന്നു. അപ്പോൾ മുതലുള്ള എല്ലാ വർഷങ്ങളിലും നാം ഈ വിഷയത്തിൽ ശ്രദ്ധപുലർത്തി. അങ്ങനെ സ്വർഗരാജ്യത്തെ സംബന്ധിച്ച് വേദപുസ്തകത്തിൽ നാം കണ്ടിട്ടുള്ളത് കൃത്യമാണെന്ന പൂർണ്ണ ഉറപ്പ് നമുക്കുണ്ട്. എന്നിരുന്നാലും, രാജ്യത്തെ സംബന്ധിച്ച പരമ്പരാഗത ധാരണകളിൽനിന്നും ഇത് ഏറെക്കുറെ വ്യത്യസ്തമാണ്. അതുകൊണ്ട്, ഈ വിഷയത്തെ വളരെ വ്യക്തമായി കാണുന്നതിന് ഈ അധ്യായങ്ങളിന്മേൽ ഗണ്യമായ സമയം നാം ചിലവഴിക്കേണ്ടതാവശ്യമാണ്.

മത്തായി 5, 6, 7 എന്നീ അധ്യായങ്ങളെ സ്വർഗരാജ്യത്തിന്റെ ഭരണഘടനയെന്നു വിളിക്കാം. ഏതു രാജ്യത്തിനും ഒരു ഭരണഘടനയുണ്ട്. തീർച്ചയായും സ്വർഗരാജ്യത്തെ സംബന്ധിച്ച ഒരു പുസ്തകമായ മത്തായിക്കും ഒരു ഭരണഘടന ഉണ്ടായിരിക്കണം. ഈ മൂന്ന് അധ്യായങ്ങളിൽ സ്വർഗരാജ്യത്തിന്റെ ഭരണഘടനയെന്ന നിലയിൽ പുതിയ രാജാവു സംസാരിച്ച വചനങ്ങളിൽ സ്വർഗരാജ്യത്തിലെ ആത്മിക ജീവിതത്തിന്റെയും സ്വർഗീയ തത്ത്വങ്ങളുടെയും ഒരു വെളിപാട് നാം കാണുന്നു. സ്വഭാവം ഏകവചനവും, തത്ത്വങ്ങൾ ബഹുവചനവുമാണ്. സ്വർഗരാജ്യത്തിന്റെ ഭരണഘടന ഏഴു ഭാഗങ്ങൾ ചേരുന്നതാണ്—രാജ്യജനത്തിന്റെ സ്വഭാവവും (5:1-12), ലോകത്തിന്മേലുള്ള രാജ്യജനത്തിന്റെ സ്വാധീനവും (5:13-16), രാജ്യജനത്തിന്റെ പ്രമാണവും (5:17-48), രാജ്യജനത്തിന്റെ നീതിപ്രവൃത്തികളും (6:1-18), ധനത്തോടുള്ള രാജ്യജനത്തിന്റെ ഇടപെടലും (6:19-34), മറ്റുള്ളവരോട് ഇടപെടുന്നതിൽ രാജ്യജനത്തിന്റെ തത്ത്വങ്ങളും (7:1-12), രാജ്യജനത്തിന്റെ ജീവിതത്തിന്റെയും വേലയുടെയും അടിത്തറയും (7:13-29). 5:3-12-ലുള്ള ഒന്നാമത്തെ ഭാഗം ഒമ്പത് അനുഗ്രഹങ്ങളിൻ കീഴിലുള്ള സ്വർഗരാജ്യത്തിന്റെ സ്വഭാവത്തെ വർണ്ണിക്കുന്നു. സ്വർഗരാജ്യത്തിൽ എന്തു തരം ജനം ജീവിക്കുന്നു എന്ന് അത് തുറന്നുകാണിക്കുന്നു. രാജ്യജനം ലോകത്തിന്മേൽ ഒരു സ്വാധീനം ചെലുത്തുകയും വേണം. രാജ്യത്തിന്റെ പ്രകൃതം തന്നെയായ രാജ്യജനത്തിന്റെ സ്വഭാവം ലോകത്തിന്റെമേൽ ഒരു സ്വാധീനം പ്രയോഗിക്കുന്നു. രാജ്യജനത്തിന് ഒരു പ്രമാണവും ഉണ്ട്. ഈ പ്രമാണം പത്തു കല്പനകളായ മോശെയുടെ പ്രമാണം എന്ന പഴയ പ്രമാണമല്ല; ഇത് സ്വർഗരാജ്യത്തിന്റെ പുതിയ പ്രമാണമാണ്. രാജ്യജനം നീതിപ്രവൃത്തികൾ ചെയ്യുന്നവരും ഭൗതികസമ്പത്തിനെ സംബന്ധിച്ച് ശരിയായ മനോഭാവം ഉള്ളവരുമാണ്. രാജ്യജനം ഇപ്പോഴും ഭൂമിയിൽ മനുഷ്യസമൂഹത്തിലുള്ളതുകൊണ്ട് മറ്റുള്ളവരോട് ഇടപെടുന്നതിലുള്ള തത്ത്വങ്ങളെ സ്വർഗരാജ്യത്തിന്റെ ഭരണഘടന വെളിപ്പെടുത്തുന്നു. അവസാനമായി, ഈ ഭരണഘടനയുടെ അവസാനത്തെ ഭാഗത്തിൽ നാം രാജ്യജനത്തിന്റെ ദിനംപ്രതിയുള്ള ജീവിതത്തിന്റെയും വേലയുടെയും അടിത്തറയെ, അടിസ്ഥാനത്തെ കാണുന്നു. രാജ്യജനത്തിന്റെ ഈ എല്ലാ വശങ്ങളും സ്വർഗരാജ്യത്തിന്റെ ഭരണഘടനയുടെ ഏഴു ഭാഗങ്ങളിൽ ഉള്ളടങ്ങിയിരിക്കുന്നു.

## I. സ്ഥലവും ശ്രോതാക്കളും

### A. മലമുകളിൽ

മത്തായ 5:1 പറയുന്നു, "പുരുഷാരത്തെ കണ്ടപ്പോൾ അവൻ

മലയിലേക്കു കയറിപ്പോയി. അവൻ ഇരുന്നശേഷം അവന്റെ ശിഷ്യന്മാർ അവന്റെ അടുക്കൽ വന്നു." പുതിയ രാജാവ് തന്റെ അനുയായികളെ കടൽത്തീരത്തിനരികെവച്ചു വിളിച്ചു; എന്നാൽ സ്വർഗരാജ്യത്തിന്റെ ഭരണഘടന അവർക്കു നൽകുന്നതിന് അവൻ മലയിലേക്കു കയറിപ്പോയി. സ്വർഗരാജ്യത്തിന്റെ സാക്ഷാൽക്കാരത്തിനുവേണ്ടി നാം അവനോടുകൂടെ ഉയരത്തിലേക്കു പോകണമെന്ന് ഇത് സൂചിപ്പിക്കുന്നു.

സ്വർഗരാജ്യത്തിന്റെ ഭരണഘടന ഒരു മലയുടെ മുകളിൽവച്ച് വിളംബരം ചെയ്യപ്പെട്ടു എന്നത് വളരെ അർഥവത്താണ്. കടൽ സാത്താനാൽ ദുഷിപ്പിക്കപ്പെട്ട ലോകത്തെ സൂചിപ്പിക്കുന്നു. നാം കർത്താവിനാൽ പിടിക്കപ്പെട്ടപ്പോൾ ഒരു ഉപജീവനം ഉണ്ടായിരിക്കുവാൻ പരിശ്രമിച്ചുകൊണ്ട് നാം സാത്താനാൽ ദുഷിപ്പിക്കപ്പെട്ട ലോകത്തിൽ ആയിരുന്നു. എന്നാൽ കർത്താവു നമ്മെ പിടിച്ചതിനുശേഷം, സ്വർഗരാജ്യത്തെ സൂചിപ്പിക്കുന്ന ഒരു ഉയർന്ന മലയിലേക്ക് അവൻ നമ്മെ നയിച്ചു. സ്വർഗരാജ്യം കടൽത്തീരത്തല്ല, മലമുകളിലാണ് സ്ഥാപിക്കപ്പെട്ടതെന്ന് ഇതു സൂചിപ്പിക്കുന്നു. വേദപുസ്തകത്തിൽ ഒരു മല ചിലപ്പോൾ രാജ്യത്തെ സൂചിപ്പിക്കുന്നു. ഉദാഹരണത്തിന്, ദാനീയേൽ 2:34-35 അനുസരിച്ച്, കൈ തൊടാതെ പറിഞ്ഞുവന്ന കല്ല് ബിംബത്തെ കഷ്ണങ്ങളായി തകർക്കുകയും സർവഭൂമിയെയും നിറയ്ക്കുന്ന ഒരു വലിയ മലയായിത്തീരുകയും ചെയ്യു. ഈ മല സഹസ്രാബ്ദരാജ്യത്തെ സൂചിപ്പിക്കുന്നു. തന്മൂലം, വേദപുസ്തകത്തിൽ ഒരു മല രാജ്യത്തെ, പ്രത്യേകിച്ച് സ്വർഗരാജ്യത്തെ സൂചിപ്പിക്കുന്നു.

കൂടാതെ, മലയിലേക്കു കൊണ്ടുവരപ്പെടുന്നു എന്നത് സൂചിപ്പിക്കുന്നത് സ്വർഗരാജ്യത്തിന്റെ ഭരണഘടനയുടെ വിളംബരം നാം കേൾക്കണമെങ്കിൽ, താണ ഒരു സ്ഥലത്ത് നാം നിൽക്കാതെ ഒരു ഉയർന്ന മലയിലേക്ക് കയറണമെന്നാണ്. ഈ ഭരണഘടന കേൾക്കുവാൻ നാം ഒരു ഉയർന്ന പ്രതലത്തിലായിരിക്കണം. കടൽത്തീരത്തുവച്ച് കർത്താവു പറഞ്ഞു, "എന്നെ അനുഗമിക്കുക." എന്നാൽ സ്വർഗരാജ്യത്തിന്റെ ഭരണഘടനയ്ക്കുവേണ്ടി അവൻ അവരെ ഒരു മലയുടെ മുകളിലേക്ക് കൊണ്ടുപോയി. കർത്താവിനെ അനുഗമിക്കുന്നത് ഏറെക്കുറെ എളുപ്പമായിരിക്കാം, എന്നാൽ സ്വർഗരാജ്യത്തിന്റെ സ്ഥാപനത്തിനു വേണ്ടിയുള്ള ഭരണഘടനയെ ശ്രവിക്കുന്നതിന് നാം ഒരു ഉയർന്ന മലയുടെ മുകളിലേക്ക് കയറേണ്ടത് ആവശ്യമാണ്.

## B. ശിഷ്യന്മാരോട്

വാക്യം 1 പറയുന്നു, "അവൻ ഇരുന്നശേഷം അവന്റെ ശിഷ്യന്മാർ അവന്റെ അടുക്കൽ വന്നു." പുതിയ രാജാവ് മലയിൽ ഇരുന്നപ്പോൾ അവന്റെ ശ്രോതാക്കളായിരിക്കുവാൻ, പുരുഷാരമല്ല,

അവന്റെ ശിഷ്യന്മാർ അവന്റെ അടുക്കൽ വന്നു. ഒടുവിൽ, വിശ്വസിക്കുന്ന യെഹൂദന്മാർ മാത്രമല്ല, പിന്നെയോ ശിഷ്യന്മാരാക്കപ്പെട്ട രാഷ്ട്രങ്ങളും അവന്റെ ശിഷ്യന്മാരായിത്തീർന്നു (ജാതികൾ, 28:19). പിന്നീട് ശിഷ്യന്മാർ ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെട്ടു (പ്രവൃ. 11:26). തന്മൂലം, സ്വർഗരാജ്യത്തിന്റെ ഭരണഘടനയെ സംബന്ധിച്ച് പുതിയ രാജാവ് മലമുകളിൽവച്ച് അഞ്ചും, ആറും, ഏഴും അധ്യായങ്ങളിൽ സംസാരിച്ച വചനങ്ങൾ പഴയനിയമത്തിലെ യെഹൂദന്മാരോടല്ല, പുതിയനിയമത്തിലെ വിശ്വാസികളോടാണ് സംസാരിച്ചത്.

കർത്താവ് പുരുഷാരത്തെയല്ല, പ്രത്യുത ശിഷ്യന്മാരെ ഉപദേശിച്ചുവെന്ന് 1-ഉം 2-ഉം വാക്യങ്ങളിൽ നാം കാണുന്നു. അവനു ചുറ്റും കൂടിവന്ന പുരുഷാരം പുറത്തെ വൃത്തമായിരുന്നു, എന്നാൽ അകത്തെ വൃത്തം അവന്റെ ശിഷ്യന്മാരായിരുന്നു. നിങ്ങൾ മലമുകളിലായിരിക്കാമെങ്കിലും നിങ്ങൾ അകത്തെ വൃത്തത്തിലും ആയിരിക്കണം, കാരണം ഭരണഘടന പുറത്തെ വൃത്തത്തിലുള്ളവർക്കല്ല; അത് അകത്തെ വൃത്തത്തിലുള്ളവർക്കാണ്.

ചരിത്രത്തിലുടനീളം, ഈ വിളംബരം ആർക്കാണ്—യെഹൂദന്മാർക്കാണോ, ജാതികൾക്കാണോ, അതോ വിശ്വാസികൾക്കാണോ—നൽകിയതെന്നതിൽ ഒരു വലിയ തർക്കം ഉണ്ടായിരുന്നു. നമ്മുടെ പഠനമനുസരിച്ച്, ഇത് യെഹൂദന്മാർക്കോ ജാതികൾക്കോ അല്ല, പുതിയനിയമ വിശ്വാസികൾക്കാണ് നൽകപ്പെട്ടതെന്ന് കാണുവാനിടവന്നു. രാജ്യത്തിന്റെ ഭരണഘടന വിളംബരം ചെയ്ത സമയം ശിഷ്യന്മാർ യെഹൂദ വിശ്വാസികൾ ആയിരുന്നു എന്നതിൽ സംശയമില്ല. എങ്കിലും, രാജ്യത്തിന്റെ ഭരണഘടനയുടെ വിളംബരം കേട്ടുകൊണ്ട് അവർ മലയിലായിരുന്നപ്പോൾ, അവർ യെഹൂദജനത്തിന്റെയല്ല, പ്രത്യുത പുതിയനിയമ വിശ്വാസികളുടെ പ്രതിനിധികളായിരുന്നു. 28:20-ൽ അവർ പുറപ്പെട്ടുപോയി രാഷ്ട്രങ്ങളെ, അതായത് ജാതികളെ, ശിഷ്യന്മാരാക്കുവാൻ കർത്താവ് ശിഷ്യന്മാരോടു പറഞ്ഞു. ഇത് അർഥമാക്കുന്നത് രാഷ്ട്രങ്ങൾ ശിഷ്യന്മാരായി പരിവർത്തിതരാകും എന്നാണ്. അതുകൊണ്ട്, യെഹൂദ വിശ്വാസികളും ജാതീയ വിശ്വാസികളും ശിഷ്യന്മാരായിരുന്നു. പ്രധാനമായും യെഹൂദന്മാരായിരുന്ന മലമുകളിലെ ശ്രോതാക്കൾ എല്ലാ ശിഷ്യന്മാരെയും പ്രതിനിധീകരിച്ചു.

LD

## II. രാജ്യജനത്തിന്റെ സ്വഭാവത്തെ സംബന്ധിച്ച്

ഇനി നാം ഭരണഘടനയുടെ ഒന്നാമത്തെ ഭാഗത്തിലേക്ക്, അതായത് രാജ്യജനത്തിന്റെ സ്വഭാവത്തെ സംബന്ധിച്ച ഭാഗത്തിലേക്ക് വരുന്നു. 5:1-12 രാജ്യജനത്തിന്റെ സ്വഭാവത്തെ വെളിപ്പെടുത്തുന്നുവെന്ന് ഒരുപക്ഷേ അനേകം ക്രിസ്ത്യാനികളും

കണ്ടിട്ടുണ്ടാവില്ല. എല്ലാ ക്രിസ്ത്യാനികളും രാജ്യജനമായിരിക്കണം. എന്നാൽ, ഇന്ന് സാഹചര്യം സാധാരണമല്ല. നിരവധി ക്രിസ്ത്യാനികൾ രാജ്യജനത്തിന്റെ ഉന്നത നിലവാരത്തിലല്ല. രാജ്യജനം ജയാളികളാണ്. ദൈവത്തിന്റെ വ്യവസ്ഥയിൽ ഓരോ വിശ്വാസിയും ഒരു ജയാളിയായിരിക്കണം. ജയാളിയായിരിക്കുന്നത് വിശേഷമായ എന്തെങ്കിലും ആയിരിക്കുന്നതല്ല; അത് സാധാരണമായിരിക്കുന്നതാണ്. അങ്ങനെ, ഓരോ വിശ്വാസിയും രാജ്യജനത്തിന്റെ ഒരു ഭാഗമായിരിക്കണം.

ഈ വാക്യങ്ങൾ രാജ്യജനത്തിന്റെ സ്വഭാവത്തിന്റെ ഒമ്പതു വശങ്ങൾ വിവരിക്കുന്നു. അവർ ആത്മാവിൽ ദരിദ്രരായിരിക്കുന്നവരും, ഇന്നത്തെ സാഹചര്യത്തെ ഓർത്ത് വിലപിക്കുന്നവരും, എതിർപ്പുകൾ സഹിക്കുന്നതിൽ സൗമ്യതയുള്ളവരും, നീതിക്കുവേണ്ടി വിശന്നും ദാഹിച്ചുമിരിക്കുന്നവരും, മറ്റുള്ളവരോട് കരുണയുള്ളവരും, ഹൃദയശുദ്ധിയുള്ളവരും, എല്ലാ മനുഷ്യരോടും സമാധാനമുള്ളവരും, നീതിനിമിത്തം ഉപദ്രവം സഹിക്കുന്നവരും, നിന്ദിക്കപ്പെടുന്നതിലും കളവുപറയപ്പെടുന്നതിലും കഷ്ടംസഹിക്കുന്നവരും ആണ്. ഓരോ വശവും "അനുഗൃഹീതർ" എന്നു പറഞ്ഞുകൊണ്ട് അവസാനിക്കുന്നു. ഉദാഹരണത്തിന് വാക്യം 3 പറയുന്നു, "ആത്മാവിൽ ദരിദ്രരായവർ അനുഗൃഹീതർ, സ്വർഗരാജ്യം അവരുടേതാകുന്നു." "അനുഗൃഹീതർ" എന്നതിനുള്ള ഇംഗ്ലീഷ് പദം ഇവിടത്തെ യവനപദത്തെ വേണ്ടുംവണ്ണം പരിഭാഷപ്പെടുത്തുന്നില്ല, കാരണം യവനപദം അനുഗ്രഹിക്കപ്പെടുകയും സന്തോഷിക്കുകയും ചെയ്യുക എന്ന അർഥം വഹിക്കുന്നു. അനുഗൃഹീതർ എന്നതിനു പകരം നിരവധി ഭാഷ്യങ്ങൾ സന്തോഷമുള്ളവർ എന്ന പദം ഉപയോഗിക്കുന്നു. എങ്കിലും, സന്തോഷിക്കുന്നവർ എന്ന പദം അയഞ്ഞ ഒരു രീതിയിൽ നാം ഉപയോഗിക്കരുത്. ഇവിടെ അനുഗ്രഹവും സന്തോഷവും ലഘുവായ ഒരു കാര്യമല്ല; പകരം അത് ഘനമേറിയ ഒന്നാണ്. "ആത്മാവിൽ ദരിദ്രരായവർ സന്തോഷമുള്ളവർ" എന്നു നിങ്ങൾ കേൾക്കുമ്പോൾ നിങ്ങൾ ആർക്കുകയോ മുകളിലേക്ക് ചാടുകയോ അരുത്. ഈ വാക്യങ്ങളിൽ സന്തോഷമുള്ളവരായിരിക്കുന്നത് ആഴമേറിയ ഒന്നാണ്.

## A. ആത്മാവിൽ ദരിദ്രരായവർ സ്വർഗരാജ്യം സ്വീകരിക്കുന്നു

വാക്യം 3-ൽ പുതിയ രാജാവു പറഞ്ഞു, "ആത്മാവിൽ ദരിദ്രരായവർ അനുഗൃഹീതർ, സ്വർഗരാജ്യം അവരുടേതാകുന്നു." ഈ വാക്യങ്ങളിലുള്ള അനുഗ്രഹങ്ങളെക്കുറിച്ച് അനേകർ സംസാരിച്ചിട്ടുണ്ടെങ്കിലും, വാക്യം 3-ലെ ആത്മാവിനെക്കുറിച്ച് ആരും സംസാരിക്കുന്നത് ഞാൻ കേട്ടിട്ടില്ല. വാക്യം 3-ന്റെ ചൈനീസ് ഭാഷ്യത്തിന്റെ പരിഭാഷ വളരെ പരിതാപകരമാണ്.

അതു പറയുന്നത്, "ഹൃദയത്തിൽ താഴ്മയുള്ളവർ അനുഗൃഹീതർ" എന്നാണ്. ചൈനീസ് ഭാഷ്യത്തിൽ പ്രവർത്തിച്ച പണ്ഡിതന്മാർ വളരെ നല്ലൊരു ജോലി ചെയ്തുവെങ്കിലും അവർ ഹൃദയവും ആത്മാവും തമ്മിലുള്ള വ്യത്യാസം കണ്ടില്ല. ഈ അധ്യായത്തിലുള്ള മറ്റൊരു വാക്യം, വാക്യം 8, ഹൃദയശുദ്ധിയുള്ളവരാകുന്നതിനെക്കുറിച്ചു പറയുന്നു. തന്മൂലം ചൈനീസ് പരിഭാഷയിൽ ഹൃദയത്തിൽ താഴ്മയുള്ളതിനെയും, ഹൃദയശുദ്ധിയുള്ളതിനെയും കുറിച്ചു സംസാരിക്കുന്നു. നാം സഭയിലേക്കു വരുന്നതിനുമുമ്പ് നമ്മിൽ അനേകരും ഹൃദയവും ആത്മാവും തമ്മിലുള്ള വ്യത്യാസം കണ്ടിരുന്നില്ല. സ്വർഗരാജ്യം ഒന്നാമത് നമ്മുടെ ആത്മാവുമായി ബന്ധപ്പെട്ടിരിക്കുന്നു.

വാക്യം 3-ലെ ആത്മാവ് ദൈവാത്മാവിനെയല്ല, മറിച്ച് നാം ദൈവത്തെ ബന്ധപ്പെടുന്നതിനും ആത്മിക കാര്യങ്ങൾ മനസ്സിലാക്കുന്നതിനും വേണ്ടിയുള്ള അവയവമായ, നമ്മുടെ ആളത്തത്തിന്റെ ഏറ്റവും ആഴമേറിയ ഭാഗമായ നമ്മുടെ മനുഷ്യാത്മാവിനെയാണ് പരാമർശിക്കുന്നത്. ആത്മാവിൽ ദരിദ്രരായിരിക്കുന്നത് ദരിദ്രമായ ഒരു ആത്മാവ് ഉണ്ടായിരിക്കുന്നതിനെയല്ല അർഥമാക്കുന്നത്. നമ്മുടെ ആത്മാവ് ഒരിക്കലും ദരിദ്രമായിരിക്കരുത്. ദരിദ്രമായ ഒരു ആത്മാവ് ഉണ്ടായിരിക്കുന്നത് ശോചനീയമായിരിക്കും. എന്നാൽ നാം ആത്മാവിൽ ദരിദ്രരാണെങ്കിൽ നാം അനുഗൃഹീതരാണ്. ആത്മാവിൽ ദരിദ്രരായിരിക്കുന്നത് താഴ്മയുള്ളവരായിരിക്കുന്നതു മാത്രമല്ല, പിന്നെയോ പഴയ യുഗത്തിന്റെ പഴയ കാര്യങ്ങളെ പിടിച്ചുകൊള്ളാതെ പുതിയ കാര്യങ്ങൾ, സ്വർഗരാജ്യത്തിന്റെ കാര്യങ്ങൾ സ്വീകരിക്കുന്നതിന് അവയെ ഒഴിപ്പിച്ചുകൊണ്ട് നമ്മുടെ ആളത്തത്തിന്റെ ആഴത്തിലുള്ള നമ്മുടെ ആത്മാവിൽ ശൂന്യമാക്കപ്പെടുന്നതുമാണ്. നാം സ്വർഗരാജ്യത്തെ മനസ്സിലാക്കുകയും സ്വന്തമാക്കുകയും ചെയ്യത്തക്കവണ്ണം നമ്മുടെ ആളത്തത്തിന്റെ ഈ ഭാഗത്തിൽ നാം ദരിദ്രരും, ശൂന്യമാക്കപ്പെട്ടവരും, ഒഴിപ്പിക്കപ്പെട്ടവരും ആയിരിക്കണം. സ്വർഗരാജ്യം ഭൗതികമായ ഒരു കാര്യമല്ല, മറിച്ച് ആത്മികമായ ഒരു കാര്യമാണെന്ന് ഇതു വിവക്ഷിക്കുന്നു.

ആത്മാവിനെ നിറച്ചിരിക്കുന്ന എല്ലാ പഴയ കാര്യങ്ങളെയും നമ്മുടെ ആത്മാവിൽനിന്നും നാം ശൂന്യമാക്കണം. തങ്ങളുടെ ആത്മാവിൽ ഏറ്റവും നിറഞ്ഞിരിക്കുന്നവർ മുസ്ലീങ്ങളാണ്. ആവരുടെ ആത്മാവിൽ ശൂന്യമായ ഒരിടവും ഇല്ല. ഇക്കരണത്താൽ, സുവിശേഷത്തെക്കുറിച്ച് അവരോട് സംസാരിക്കുവാൻ വളരെ പ്രയാസമാണ്. അവരുടെ ആത്മാവിനെ പിശാച് അങ്ങേയറ്റം നിറച്ചിരിക്കുന്നു. അവരുടെ ആത്മാവ് ഇത്രമാത്രം നിറഞ്ഞിരിക്കുന്നതുകൊണ്ട്, യാതൊരു മുസ്ലീമിനും കർത്താവായ യേശുവിൽ വിശ്വസിക്കുവാൻ പ്രയാസമാണ്. യെഹൂദന്മാരും തങ്ങളുടെ ആത്മാവിൽ നിറഞ്ഞിരിക്കുന്നവരാണ്. അവരുടെ ആത്മാവ്

അവരുടെ മതത്തിന്റെ കാര്യങ്ങളെക്കൊണ്ട് പൂർണ്ണമായി നിറഞ്ഞിരിക്കുന്നു. യവനന്മാർ അവരുടെ ആത്മാവിൽ തങ്ങളുടെ തത്ത്വജ്ഞാനംകൊണ്ട് നിറഞ്ഞിരിക്കുന്നു. യവനഭാഷയെയും തത്ത്വജ്ഞാനത്തെയും ചൊല്ലി അഭിമാനിച്ചിരുന്ന ഒരു യവനനോടുകൂടെ ഞാൻ ഒരിക്കൽ പ്രവർത്തിച്ചിരുന്നു. യവനന്മാരുടെ മനസ്സും ആത്മാവും നിറയപ്പെട്ടിരുന്നെങ്കിലും, അവരുമായുള്ള എന്റെ അനുഭവമനുസരിച്ച്, യവനന്മാർ ഒഴിപ്പി ക്കപ്പെടുവാൻ എളുപ്പമുള്ളവരാണ്. അവർ മുസ്ലീങ്ങളെപ്പോലെ അത്ര കടുംപിടിത്തക്കാരല്ല. ഇന്ന് വളരെയധികം ക്രിസ്ത്യാനികൾ തങ്ങളുടെ ആത്മാവിൽ നിറയപ്പെട്ടിരിക്കുന്നവരാണ്. മതസംഘട നകളിലുള്ളവരോട് നിങ്ങൾ സംസാരിക്കുന്നുവെങ്കിൽ അവരുടെ ആത്മാവ് നിറയപ്പെട്ടതാണെന്ന് നിങ്ങൾ കണ്ടെത്തും. ഇന്ന് ഏകദേശം ഏതുതരത്തിലുള്ള ക്രിസ്ത്യാനിയും ദൈവമല്ലാത്ത എന്തി നെയെങ്കിലുംകൊണ്ട് നിറഞ്ഞവരാണ്.

"മാനസാന്തരപ്പെടുവിൻ, എന്തെന്നാൽ സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു" (4:17) എന്നു പ്രസംഗിച്ചുകൊണ്ട് കർത്താവായ യേശു വന്നപ്പോൾ തങ്ങളുടെ ആത്മാക്കൾ മറ്റു കാര്യങ്ങളാൽ നിറഞ്ഞിരുന്നതുകൊണ്ട് അനേകർക്കും അവന്റെ വാക്ക് സ്വീകരിക്കുവാൻ കഴിഞ്ഞില്ല. ഏറ്റവും നല്ല പാനീയം വാഗ്ദാനം ചെയ്യപ്പെടുകയായിരുന്നു, എന്നാൽ അവരുടെ പാത്രം നിറഞ്ഞിരുന്നു. അങ്ങനെ അവർ ദാഹമില്ലാത്തവരായി രുന്നു. നമ്മുടെ ആത്മാവ് നിറഞ്ഞിരിക്കുമ്പോൾ ഏറ്റവും നല്ല പാനീയത്തിനുപോലും നമ്മുടെ പാത്രത്തിൽ ഇടമുണ്ടായിരിക്കു കയില്ല. അതുകൊണ്ട് മലയിൽവച്ച് കർത്താവ് ശിഷ്യന്മാരോട് സംസാരിച്ചപ്പോൾ, അവന്റെ വിളംബരത്തിന്റെ ആരംഭവാക്ക് നാം ആത്മാവിൽ ദരിദ്രരായിരിക്കണം, നമ്മുടെ ആത്മാവ് സകലത്തിൽനിന്നും ശൂന്യമായിരിക്കണം, എന്നായിരുന്നു.

നിരവധി വർഷങ്ങൾക്കുമുമ്പ് ഈ രാജ്യത്തിലുള്ള ചില ബ്രദറൻ അസംബ്ലികൾ ഞാൻ സന്ദർശിച്ചു. ഞാൻ ജനത്തെ നോക്കിയപ്പോൾ എന്റെ ഹൃദയം വേദനിക്കുകയിരുന്നു; എന്റെ ആത്മാവ് നുറുങ്ങി. എന്തുമാത്രം മരണാവസ്ഥയായി രുന്നു അവിടെ! എല്ലാവരും ഉണങ്ങിയവരായിരുന്നു. ഞാൻ സന്ദർശിച്ച ഒന്നാമത്തെ സ്ഥലത്ത്, അവർക്ക് ഉപദേശങ്ങൾ ആവശ്യമില്ലെന്ന ഒരു വാക്ക് ഞാൻ അവരോടു പറഞ്ഞു. അവർക്ക് ആവശ്യത്തിലധികം ഉപദേശങ്ങളുണ്ടെന്നും അവർക്കാവശ്യമുള്ളത് ജീവനും ആത്മാവുമാണെന്നും ഞാൻ അവരോടു പറഞ്ഞു. എന്റെ വാക്ക് അവരെ വ്രണപ്പെടുത്തി. ജീവനെയും ആത്മാവിനെയുംകുറി ച്ചുള്ള എന്റെ വാക്ക് അവർ കേട്ടില്ല; ഉപദേശത്തെക്കുറിച്ച് ഞാൻ പറഞ്ഞതു മാത്രമേ അവർ കേട്ടുള്ളൂ. ദൂതിനുശേഷം പെട്ടെന്ന് നേതാവ് എന്റെ അടുക്കൽ വരുകയും, എന്റെ മുഖത്തുനോക്കി

എന്നെ ശാസിച്ചുകൊണ്ട്, "ലീ സഹോദരാ, നിങ്ങളുടെ ഉപദേശം നിശ്ചയമായും തെറ്റാണ്. നമുക്ക് ഉപദേശം ആവശ്യമില്ലെന്ന് താങ്കൾ ഇപ്പോൾ ഞങ്ങളോടു പറഞ്ഞു. തീർച്ചയായും നമുക്ക് ഉപദേശം ആവശ്യമാണ്! വേദപുസ്തകം ഉപദേശത്തിന്റെ ഒരു പുസ്തകമല്ലേ?" എന്നു പറഞ്ഞു. ഞാൻ ഒരു വാക്കും പറഞ്ഞില്ല; ഞാൻ ചിന്തിച്ചു, "പാവം ജനം. നിങ്ങൾക്ക് ഉപദേശമാണ് ഇഷ്ടമെങ്കിൽ ഉപദേശത്തിലേക്കു പോയി അവിടെ മരിക്കുക." പിന്നീട് മറ്റൊരു ബ്രദറൻ അസംബ്ലിയിൽ സംസാരിക്കുവാൻ എന്നെ ക്ഷണിച്ചു. സാഹചര്യവും പ്രതികരണവും പഴയതുപോലെ തന്നെയായിരുന്നു. ഈ ബ്രദറൻ അസംബ്ലികളിലുള്ളവർ ആത്മാവിൽ ദരിദ്രരല്ലാതിരുന്നതുകൊണ്ടായിരുന്നു ഇങ്ങനെയുള്ള ഒരു പ്രതികരണം ഉണ്ടായത്. അവരുടെ ആത്മാവ് അവരുടെ ബ്രദറൻ ഉപദേശങ്ങൾ എന്നു വിളിക്കപ്പെടുന്ന സകലത്തെയുംകൊണ്ട് നിറഞ്ഞിരിക്കുകയായിരുന്നു. ഈ എല്ലാ ഉപദേശങ്ങളും അവരെ കൊല്ലുവാൻമാത്രം കൊള്ളാവുന്ന ചത്ത മരം പോലെയായിരുന്നു.

നമ്മുടെ ആത്മാവിൽ നാം ദരിദ്രരായിരിക്കണം എന്നതിനെക്കുറിച്ചുള്ള കർത്താവിന്റെ വാക്കിന് നാം ചെവികൊടുക്കുകയും, "കർത്താവേ, എന്നെ ഒഴിപ്പിക്കേണമേ. എന്റെ ആത്മാവിനെ ശൂന്യമാക്കേണമേ. എന്റെ ആത്മാവിൽ യാതൊന്നും സംഭരിച്ചുവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കർത്താവേ, എന്റെ ആത്മാവിലെ പൂർണ പ്രാപ്തിയും നിനക്ക് ലഭ്യമായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു" എന്നു പറയുകയും വേണം.

Mon ആത്മാവിൽ ദരിദ്രരായവർ അനുഗൃഹീതർ, സ്വർഗരാജ്യം അവരുടേതാകുന്നുവെന്ന് വാക്യം 3 പറയുന്നു. അനേകം ക്രിസ്ത്യാനികൾ സ്വർഗത്തിൽ പോകുവാൻ ആകാംക്ഷയുള്ളവരാണെങ്കിലും, സ്വർഗരാജ്യത്തിലായിരിക്കുവാൻ ഒട്ടുംതന്നെ ആഗ്രഹം ഉള്ളവരല്ല. സ്വർഗത്തെക്കുറിച്ച് ആകാംക്ഷ ഉള്ളവരായിരിക്കുന്നത് തെറ്റാണ്. ദൈവത്തിന്റെ ഹൃദയം സ്വർഗത്തെക്കുറിച്ചല്ല: അത് സ്വർഗരാജ്യത്തെക്കുറിച്ചാണ്. ആത്മാവിൽ ദരിദ്രരായവർ അനുഗൃഹീതരാണ്, കാരണം സ്വർഗരാജ്യം അവരുടേതാണ്.

സ്വർഗരാജ്യം എന്നത് മത്തായി ഉപയോഗിച്ച ഒരു പ്രത്യേക പദമാണ്; മറ്റു മൂന്നു സുവിശേഷങ്ങളിൽ ഉപയോഗിച്ച പദമായ ദൈവരാജ്യത്തിൽനിന്നും സ്വർഗരാജ്യം വ്യത്യസ്തമാണെന്ന് ഇതു സൂചിപ്പിക്കുന്നു. ദൈവരാജ്യം പരാമർശിക്കുന്നത് ഭൂതകാല നിത്യത മുതൽ ഭാവികാല നിത്യത വരെ, പൊതുവായ രീതിയിലുള്ള ദൈവത്തിന്റെ വാഴ്ചയെയാണ്. അതിൽ ലോകസ്ഥാപനത്തിനുമുമ്പുള്ള ആരംഭമില്ലാത്ത നിത്യതയും, ആദാമിന്റെ പറുദീസയും, തിരഞ്ഞെടുക്കപ്പെട്ട പിതാക്കന്മാരും, പഴയനിയമത്തിലെ യിസ്രായേൽരാഷ്ട്രവും, പുതിയനിയമത്തിലെ സഭയും, സ്വർഗീയ ഭരണത്തോടുകൂടെയുള്ള

വരാനിരിക്കുന്ന സഹസ്രാബ്ദരാജ്യവും (സ്വർഗരാജ്യത്തിന്റെ പ്രത്യക്ഷത), നിത്യതയോളം അവസാനമില്ലാത്ത പുതിയ യെരൂശലേമിനോടുകൂടെ പുതിയ ആകാശവും പുതിയ ഭൂമിയും അടങ്ങിയിരിക്കുന്നു. സ്വർഗരാജ്യം ദൈവരാജ്യത്തിനുള്ളിലെ ഒരു സവിശേഷ ഭാഗമാണ്; അത് ഇന്നത്തെ സഭയും വരാനിരിക്കുന്ന സഹസ്രാബ്ദരാജ്യത്തിന്റെ സ്വർഗീയ ഭാഗവും മാത്രം അടങ്ങുന്നതാണ്. തന്മൂലം, ദൈവരാജ്യത്തിന്റെ ഒരു ഭാഗമായ സ്വർഗരാജ്യത്തെ പുതിയനിയമത്തിൽ, പ്രത്യേകിച്ചും മറ്റു മൂന്നു സുവിശേഷങ്ങളിൽ, ദൈവരാജ്യമെന്നും വിളിച്ചിരിക്കുന്നു. ദൈവരാജ്യം പഴയനിയമത്തിൽ പൊതുവായ ഒരു രീതിയിൽ യിസ്രായേൽരാഷ്ട്രത്തോടുകൂടെ നിലവിലുണ്ടായിരുന്നു (21:43); എന്നാൽ സ്വർഗരാജ്യം നിശ്ചിതമായ ഒരു രീതിയിൽ അപ്പോഴും വന്നിട്ടില്ലായിരുന്നു, അത് യോഹന്നാൻ സ്നാപകൻ വന്നപ്പോൾ സമീപിച്ചിരുന്നതേയുള്ളൂ (3:1-2; 11:11-12).

മത്തായിയുടെ സുവിശേഷമനുസരിച്ച്, സ്വർഗരാജ്യത്തെ സംബന്ധിച്ച് മൂന്നു വശങ്ങളുണ്ട്—യാഥാർഥ്യവും, വ്യാജഭാവവും, പ്രത്യക്ഷതയും. സ്വർഗരാജ്യത്തിന്റെ യാഥാർഥ്യം അഞ്ചും, ആറും, ഏഴും അധ്യായങ്ങളിൽ പുതിയ രാജാവ് മലമുകളിൽവച്ചു വെളിപ്പെടുത്തിയതുപോലെ, സ്വർഗരാജ്യത്തിന്റെ സ്വർഗീയവും ആത്മികവുമായ സ്വഭാവത്തിലുള്ള ആന്തരികമായ ഉള്ളടക്കമാണ്. സ്വർഗരാജ്യത്തിന്റെ വ്യാജഭാവം പതിമൂന്നാം അധ്യായത്തിൽ രാജാവ് കടൽത്തീരത്തുവച്ച് വെളിപ്പെടുത്തിയതുപോലെ, സ്വർഗ രാജ്യത്തിന്റെ നാമമാത്രമായ ബാഹ്യ സ്ഥിതിയാണ്. സ്വർഗ രാജ്യത്തിന്റെ പ്രത്യക്ഷത ഇരുപത്തിനാലും ഇരുപത്തഞ്ചും അധ്യായങ്ങളിൽ ഒലിവു മലയിൽവച്ച് രാജാവ് അനാവരണം ചെയ്തതുപോലെ ശക്തിയോടെയുള്ള സ്വർഗരാജ്യത്തിന്റെ പ്രായോഗിക വരവാണ്. സ്വർഗരാജ്യത്തിന്റെ യാഥാർഥ്യവും വ്യാജഭാവവും ഇന്ന് സഭയോടുകൂടെയുണ്ട്. സ്വർഗരാജ്യത്തിന്റെ യാഥാഥ്യം ശരിയായ സഭാജീവിതമാണ് (റോമ. 14:17), അത് ക്രൈസ്തവലോകം എന്നറിയപ്പെടുന്ന സ്വർഗരാജ്യത്തിന്റെ വ്യാജ ഭാവത്തിനുള്ളിലാണ്. സ്വർഗരാജ്യത്തിന്റെ പ്രത്യക്ഷത 13:43-ൽ പിതാവിന്റെ രാജ്യം എന്നു വിളിച്ചിരിക്കുന്ന വരാനിരിക്കുന്ന സഹസ്രാബ്ദരാജ്യത്തിന്റെ സ്വർഗീയ ഭാഗമായിരിക്കും. സഹസ്രാ ബ്ദരാജ്യത്തിന്റെ ഭൗമികഭാഗം മശിഹൈക രാജ്യമായിരിക്കും; അതിനെ 13:41-ൽ മനുഷ്യപുത്രന്റെ രാജ്യമെന്നു വിളിച്ചിരിക്കുന്നു; അത് ദാവീദിന്റെ പുനഃസ്ഥാപിക്കപ്പെട്ട കൂടാരം, ദാവീദിന്റെ രാജ്യം ആയിരിക്കും (പ്രവൃ. 15:16). ശക്തിയിൽ പ്രത്യക്ഷമാകുന്ന സ്വർഗരാജ്യമായ സഹസ്രാബ്ദരാജ്യത്തിന്റെ സ്വർഗീയ ഭാഗത്തിൽ ജയാളികളായ വിശ്വാസികൾ ക്രിസ്തുവിനോടുകൂടെ ആയിരം വർഷം വാഴും (വെളി. 20:4, 6). ഭൂമിയിലെ മശിഹൈക രാജ്യമായ

സഹസ്രാബ്ദരാജ്യത്തിന്റെ ഭൗമിക ഭാഗത്തിൽ യിസ്രായേലിന്റെ രക്ഷിക്കപ്പെട്ട ശേഷിപ്പ് ദൈവത്തെ ആരാധിക്കുവാൻ രാഷ്ട്രങ്ങളെ ഉപദേശിക്കുന്ന പുരോഹിതന്മാരായിരിക്കും (സെഖ. 8:20-23).

നാം ആത്മാവിൽ ദരിദ്രരാണെങ്കിൽ സ്വർഗരാജ്യം നമ്മുടേതാണ് —സഭായുഗത്തിൽ നാം ഇപ്പോൾ അതിന്റെ യാഥാർഥ്യത്തിലാണ്; രാജ്യയുഗത്തിൽ നാം അതിന്റെ പ്രത്യക്ഷതയിൽ പങ്കാളികളാകും.

നാലു സുവിശേഷങ്ങളിലെ ഉപദേശമനുസരിച്ച് സ്വർഗരാജ്യത്തിനും ദൈവരാജ്യത്തിനും തമ്മിൽ നിർണ്ണായകമായ ഒരു വ്യത്യാസമുണ്ട്. മത്തായിയുടെ സുവിശേഷം നിങ്ങൾക്ക് മനസ്സിലാകണമെങ്കിൽ നിങ്ങൾ സ്വർഗരാജ്യവും ദൈവരാജ്യവും തമ്മിലുള്ള വ്യത്യാസം അറിഞ്ഞിരിക്കണം. ദൈവരാജ്യം കേവലം ദിവ്യഭരണമാണ്. അത് ഭൂതകാല നിത്യത മുതൽ ഭാവികാല നിത്യത വരെയുള്ള ദൈവത്തിന്റെ ഭരണമാണ്. അങ്ങനെ, ദൈവരാജ്യം ദിവ്യഭരണത്തെ, ദൈവത്തിന്റെ ഭരണത്തെ പരാമർശിക്കുന്നു. ഭൂതകാല നിത്യതയ്ക്കും ഭാവികാല നിത്യതയ്ക്കും ഇടയിൽ നമുക്ക് ആദാമിന്റെ പറുദീസയും, പിതാക്കന്മാരും, യിസ്രായേൽരാഷ്ട്രവും, സഭയും, സഹസ്രാബ്ദവും ഉണ്ട്. സഹസ്രാബ്ദത്തെ മുകളിലത്തെ ഭാഗമെന്നും താഴത്തെ ഭാഗമെന്നും വിഭജിച്ചിരിക്കുന്നു. മുകളിലത്തെ ഭാഗം പിതാവിന്റെ രാജ്യമെന്നും, താഴത്തെ ഭാഗം മനുഷ്യപുത്രന്റെ രാജ്യമെന്നും മശിഹായുടെ രാജ്യമെന്നും വിളിക്കപ്പെടുന്നു; അത് ദാവീദിന്റെ പുനഃസ്ഥാപിക്കപ്പെട്ട രാജ്യമാണ്. ആദാമിന്റെ പറുദീസ മുതൽ പുതിയ യെരൂശലേംവരെയുള്ള സകലവും നിത്യത മുതൽ നിത്യത വരെ വ്യാപിച്ചുകിടക്കുന്ന ദൈവരാജ്യത്തിൽ ഉള്ളടങ്ങുന്നു.

കാലിഫോർണിയ അമേരിക്കൻ ഐക്യനാടുകളുടെ ഒരു ഭാഗമാണെന്നപോലെ, സ്വർഗരാജ്യം ദൈവരാജ്യത്തിന്റെ ഒരു ഭാഗമാണ്. സ്വർഗരാജ്യം ദൈവരാജ്യത്തിന്റെ ഒരു ഭാഗമായതുകൊണ്ട്, അതിനെ ചിലപ്പോൾ ദൈവരാജ്യമെന്നു വിളിക്കുന്നു. ഉദാഹരണത്തിന് അമേരിക്കൻ ഐക്യനാടുകളുടെ ഒരു ഭാഗമായ കാലിഫോർണിയയെ ചിലപ്പോൾ അമേരിക്ക എന്നു വിളിക്കുന്നു. വിദേശത്തുനിന്നും ഒരുവൻ കാലിഫോർണിയയിലേക്കു വരുമ്പോൾ, അവൻ അമേരിക്കയിൽ വന്നുവെന്ന് പറഞ്ഞേക്കാം. കാലിഫോർണിയയെ അമേരിക്കൻ ഐക്യനാടുകൾ എന്നു വിളിക്കാമെങ്കിലും, അമേരിക്കൻ ഐക്യനാടുകളെ കാലിഫോർണിയ എന്നു വിളിക്കുവാൻ കഴിയുകയില്ല. അതുപോലെ, സ്വർഗരാജ്യത്തെ ദൈവരാജ്യമെന്നു വിളിക്കാമെങ്കിലും, ദൈവരാജ്യത്തെ സ്വർഗരാജ്യമെന്നു വിളിക്കുവാൻ കഴിയുകയില്ല.

ദൈവരാജ്യത്തെ യിസ്രായേലിൽനിന്നും എടുത്തുകളയുമെന്ന് മത്തായി 21:43 സൂചിപ്പിക്കുന്നു. യിസ്രായേലിൽനിന്നും ദൈവരാജ്യത്തെ എടുത്തുകളയും എന്നത് അത് ഇപ്പോഴും

യിസ്രായേലിനോടുകൂടെ ഉണ്ടെന്നു സൂചിപ്പിക്കുന്നു. അത് യിസ്രായേലിനോടുകൂടെ ഇല്ലെങ്കിൽ, അതിനെ എടുത്തുകളയുവാൻ എങ്ങനെ കഴിയും? ദൈവരാജ്യം അപ്പോഴും അവിടെ ഉണ്ടായിരുന്നെങ്കിലും, യോഹന്നാൻ സ്നാപകൻ പറഞ്ഞു, "മാനസാന്തരപ്പെടുവിൻ, എന്തെന്നാൽ സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു" (3:2). ഒരു വശത്ത് ദൈവരാജ്യം അവിടെ ഉണ്ടായിരുന്നു; മറുവശത്ത്, സ്വർഗരാജ്യം അവിടെ ഉണ്ടായിരുന്നില്ല. യിസ്രായേലിൽനിന്നും ദൈവരാജ്യത്തെ എടുത്തുകളയുന്നതിനെ സംബന്ധിച്ച് ഇരുപത്തൊന്നാം അധ്യായത്തിൽ കർത്താവ് യെഹൂദന്മാരോട് സംസാരിക്കുമ്പോൾപോലും, സ്വർഗരാജ്യം സമീപിക്കുന്നതേ ഉണ്ടായിരുന്നുള്ളൂ. പെന്തക്കോസ്തു ദിവസം വരെ സ്വർഗരാജ്യം വന്നിട്ടില്ലായിരുന്നു. അതുകൊണ്ട്, പതിമൂന്നാം അധ്യായത്തിലെ വിതെക്കുന്നവന്റെ ഉപമയായ ഒന്നാമത്തെ ഉപമയിൽ "സ്വർഗരാജ്യം വിതെക്കുന്ന ഒരുവനോടു സദൃശം" എന്ന് കർത്താവായ യേശു പറഞ്ഞില്ല; കാരണം പെന്തക്കോസ്തു ദിവസത്തിനു മുമ്പ് അവൻ വിതെക്കുന്നവനായിരുന്നു. കളയുടെ ഉപമയെന്ന രണ്ടാമത്ത ഉപമയുടെ നിറവേറലായിരുന്നു പെന്തക്കോസ്ത്. അങ്ങനെ, ആ ഉപമ പരിചയപ്പെടുത്തുന്നതിൽ കർത്താവായ യേശു പറഞ്ഞു, "സ്വർഗരാജ്യം....സദൃശമായിത്തീർന്നിരിക്കുന്നു." ഇതെല്ലറ്റിനാലും നാം കാണുന്നത് സ്വർഗരാജ്യം വരുന്നതിനു മുമ്പുതന്നെ ദൈവരാജ്യം ഉണ്ടായിരുന്നു എന്നാണ്.

സ്വർഗരാജ്യം രണ്ടു ഭാഗങ്ങൾ ചേരുന്നതാണ്. ഒന്നാമത്തെ ഭാഗം സഭയും, രണ്ടാമത്തെ ഭാഗം സഹസ്രാബ്ദത്തിന്റെ മുകളിലുള്ള ഭാഗവുമാണ്. നിർവ്യാജരായ എല്ലാ ക്രിസ്ത്യാനികളും ഇന്ന് സഭയിലുണ്ട്. എന്നാൽ ജയാളികളായ ക്രിസ്ത്യാനികൾ മാത്രമേ സഹസ്രാബ്ദത്തിന്റെ സ്വർഗീയ ഭാഗമായ ഉയർന്ന ഭാഗത്തിൽ ഉണ്ടായിരിക്കുകയുള്ളൂ. ഇന്ന് സഭയിൽ നമുക്കുള്ളത് സ്വർഗരാജ്യത്തിന്റെ പ്രത്യക്ഷതയല്ല, യാഥാർഥ്യമാണ്. സഹസ്രാബ്ദംവരെ സ്വർഗരാജ്യത്തിന്റെ പ്രത്യക്ഷത നിലവിൽ വരികയില്ല. സ്വർഗരാജ്യത്തിന്റെ പ്രത്യക്ഷത സഹസ്രാബ്ദത്തിന്റെ മുകളിലത്തെ ഭാഗത്ത് കാണപ്പെടും.

ആത്മാവിൽ ദരിദ്രരായവർ അനുഗൃഹീതരാണ്, കാരണം സ്വർഗരാജ്യം അവരുടേതാണ്. ("*ദൈവരാജ്യം* അവരുടേതാണ്" എന്നു കർത്താവു പറഞ്ഞില്ല എന്നത് ശ്രദ്ധിക്കുക.) നമ്മുടെ ആത്മാവിൽ നാം ദരിദ്രരായിത്തീരുമ്പോൾ സ്വർഗീയ രാജാവിനെ സ്വീകരിക്കുവാൻ നാം ഒരുക്കമുള്ളവരാണ്. അവൻ കടന്നുവരുമ്പോൾ, അവനോടുകൂടെ സ്വർഗരാജ്യത്തെയും കൊണ്ടുവരുന്നു. സ്വർഗീയ രാജാവിനെ സ്വീകരിച്ചശേഷം ഉടനെതന്നെ നാം സ്വർഗരാജ്യത്തിന്റെ യാഥാർഥ്യം ഉള്ളിടമായ സഭയിലാണ്. നാം ജയാളികളാണെങ്കിൽ അവന്റെ മടങ്ങിവരവിൽ

കർത്താവു നമ്മെ സ്വർഗരാജ്യത്തിന്റെ പ്രത്യക്ഷതയിലേക്ക് കൊണ്ടുവരും. സ്വർഗരാജ്യം ഉണ്ടായിരിക്കുന്നത്, ഒന്നാമത് ശരിയായ, സാധാരണമായ സഭാജീവിതത്തിൽ പങ്കുള്ളവരായിരിക്കുന്നതും, രണ്ടാമത് സഹസ്രാബ്ദത്തിന്റെ ഉയർന്ന ഭാഗത്തുള്ള സ്വർഗരാജ്യത്തിന്റെ പ്രത്യക്ഷത അവകാശമാക്കുന്നതുമാണ്. ഇതാണ് "സ്വർഗരാജ്യം അവരുടേതാകുന്നു" എന്നതിന്റെ അർഥം. പിന്മാറ്റക്കാരായ ക്രിസ്ത്യാനികൾ ഈ യുഗത്തിൽ സ്വർഗരാജ്യത്തിന്റെ യാഥാർഥ്യം നഷ്ടമാക്കുകയും വരാനിരിക്കുന്ന യുഗത്തിൽ സ്വർഗരാജ്യത്തിന്റെ പ്രത്യക്ഷത നഷ്ടപ്പെടുത്തുകയും ചെയ്യും. ആത്മാവിൽ ദരിദ്രരായിരിക്കുന്നത് എന്തൊരു അനുഗ്രഹമാണ്! നാം ആത്മാവിൽ ദരിദ്രരാണെങ്കിൽ, സ്വർഗരാജ്യം നമ്മുടേതാണ്. ഒന്നാമത്തെ അനുഗ്രഹത്തിനായും സ്വർഗരാജ്യത്തിനായും ഹല്ലേലൂയ്യാ! നമ്മുടെ ആത്മാവിൽ ദരിദ്രമായിരിക്കുന്നത് എത്ര നല്ലതാണ്!